# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26

## ഗവ.ഹയർ സെക്കണ്ടറി സ്കൂൾ പനമരം

## അടിസ്ഥാന വിവരങ്ങൾ

**വിദ്യാലയത്തിന്റെ പേര് : ജിഎച്ച്എസ്എസ് പനമരം**

**വിലാസം: പനമരം പി ഒ, വയനാട്**

**പിൻ : 670721**

**ഇമെയിൽവിലാസം:ghspanamaram@gmail.com**

**സ്കൂൾ കോഡ്: 15061**

**വിദ്യാഭ്യാസ ജില്ല: വയനാട്**

**ഉപജില്ല : മാനന്തവാടി**

**ബി ആർ സി : മാനന്തവാടി**

**നിയമസഭാ മണ്ഡലം: മാനന്തവാടി**

**ലോകസഭാ മണ്ഡലം: വയനാട്**

## മികവുകൾ

**2024-25 അധ്യയന വർഷത്തെ**

**എസ്എസ്എൽസി (സെക്കൻഡറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്) പരീക്ഷാ ഫലം**

- 2025 മാർച്ചിൽ നടന്ന എസ്എസ്എൽസി പരീക്ഷയിൽ 271 വിദ്യാർത്ഥികൾ വിജയിച്ചു.
- 271 വിദ്യാർത്ഥികളും ഉന്നത വിദ്യാഭ്യാസത്തിന് അർഹരാണ്.
- ഗോത്രവിഭാഗത്തിൽ നിന്ന് 111 വിദ്യാർത്ഥികൾ ഈ നേട്ടം കൈവരിച്ചു.

സ്കൂളിന്റെ ശ്രദ്ധേയമായ നേട്ടം
- 71 വർഷത്തെ ചരിത്രമുള്ള ഒരു സ്കൂൾ ആദ്യമായി 100% വിജയം നേടി.
- 21 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങളിലും A+ ഗ്രേഡുകൾ നേടി.

വ്യക്തിഗത നേട്ടങ്ങൾ
- ഒഇസി (മറ്റ് എലിജിബിൾ കമ്മ്യൂണിറ്റികൾ) വിഭാഗത്തിൽ നിന്നുള്ള അരുണിമ എല്ലാ വിഷയങ്ങളിലും എ+ ഗ്രേഡുകൾ നേടി.

<u>എൻഎംഎംഎസ് സ്കോളർഷിപ്പ്</u>

- 2024-25 അധ്യയന വർഷത്തിൽ 23 വിദ്യാർത്ഥികൾ നാഷണൽ മീൻസ്-കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷ എഴുതി.
- 5 വിദ്യാർത്ഥികൾ സ്കോളർഷിപ്പുകൾ നേടി.
- 16 വിദ്യാർത്ഥികൾ യോഗ്യത നേടി.

സമഗ്ര ഗുണമേന്മ പദ്ധതി

2025-26 വർഷം സമഗ്ര ഗുണമേന്മ വർഷമായി പ്രഖ്യാപിച്ചതിനെ തുടർന്ന് കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ മൊഡ്യൂൾ അതാത് സബ്ജക്റ്റ് കൗൺസിൽ ആസൂത്രണം ചെയ്തു .3.6.25 മുതൽ 13.6.25 വരെ നടപ്പിലാക്കി

SRG യോഗം ചേർന്ന് അതിന്റെ വിലയിരുത്തൽ നടത്തുകയും ഇനിയും മെച്ചപ്പെടുത്തേണ്ട മേഖലകളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

മലയാളം, ഇംഗ്ലീഷ് , ഹിന്ദി എന്നിവ വായിക്കാനും എഴുതാനുമുള്ള കഴിവ് ആർജിക്കൽ, ഗണിതം, ശാസ്ത്രം എന്നിവയിൽ അടിസ്ഥാനപരമായ അറിവ് നേടൽ എന്നീ മേഖലകളിലാണ് ഈ രണ്ടാഴ്ച ഊന്നൽ നൽകിയത്

# ചരിത്രം

വയനാട്ടിലെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നാണ് ജി.എച്ച്.എസ്.എസ് പനമരം. പ്രദേശത്തെ ജൻമി കോട്ടയിൽ രാമഗൗഡർ 1954 ൽ സർക്കാരിനു ദാനമായി നൽകിയ 7.5 ഏക്കർ സ്ഥലത്താമ് സ്കൂൾ ആരംഭിച്ചത്. ആദ്യ എസ്.എസ്.എൽ.സി ബാച്ച് 1964 ൽ പരീക്ഷയെഴുതി. 1998 ൽ ഇവിടെ ഹയർസെക്കന്ററി ആരംഭിച്ചു. ഇന്ന് 5 മുതൽ 10 വരെ ക്ലാസ്സുകളിലായി 1500 നടുത്ത് കുട്ടികളും ഹയർസെക്കന്ററിയിൽ 500 കുട്ടികളുമടക്കം 2000 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. വയനാട് ജില്ലയിൽ തന്നെ ഏറ്റവുമധികം കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഒന്നാണിത്. ബ്രിട്ടീഷ് കമ്പനി പട്ടാളത്തിന്റെ പഴയ കോട്ട നിലനിന്നിരുന്ന സ്ഥലമായതിനാൽ കോട്ടയിൽ സ്കൂൾ എന്നാണ് പഴമക്കാർ ഇതിനെ വിളിക്കുന്നത്.

വയനാട് ജില്ലയിലെ പ്രശാന്ത സുന്ദരമായ ഒരു കാർഷികഗ്രാമമാണ് പനമരം. നെൽവയലുകളും വാഴ, പച്ചക്കറികൾ, കാപ്പി, കുരുമുളക്, ജാതി എന്നിവ ഉൾപ്പെടുന്ന കാർഷിക സമൃദ്ധി. ഇവയ്ക്ക് നനവായി പനമരം പുഴയുടെ ജലസമൃദ്ധി. ഇവിടെ പെയ്യുന്ന ഓരോ തുള്ളി വെള്ളവും കബനിയായി ദക്ഷിണേന്ത്യയിലെ മഹാനദികളിലൊന്നായ കാവേരിയായി കിഴക്കൻ സാഗരത്തെ പുൽകുന്നു. പനമരം പട്ടണത്തിലെ നാട്ടുചന്തയും ആഴ്ച്ച കമ്പോളവും പ്രദേശത്തിന്റെ വ്യാപാരപ്പെരുമ വിളിച്ചോതുന്നു. ലത്തീൻ പള്ളിയും, സെന്റ്. ജ്യൂഡ് ദേവാലയവും, പനമരം പഴയ പള്ളിയും, ടൗൺ മസ്ജിദും, സീതാ - ലവകുശ ക്ഷേത്രവും പ്രദേശത്തെ ധന്യമാക്കുന്നു. കൂടാതെ പനമരം തണ്ണീർത്തടവും പുഴയോരത്തെ കൊറ്റില്ലവും ദേശാടന പക്ഷികളുടെ ഇഷ്ടകേന്ദ്രങ്ങളാണ്.

പനമരത്തിന് മഹത്തായ ചരിത്രമുണ്ട്. ആ ചരിത്രത്തിന് ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തോളം തന്നെ പഴക്കമുണ്ട്. ഭാരതത്തിന്റെ സ്വാതന്ത്ര്യ സമര ചരിത്ര ഏടുകളിൽ തങ്കലിപികളിൽ രേഖപ്പെടുത്തിയ വീരചരിതം. വീരപഴശ്ശിതമ്പുരാന്റെയും, തലയ്ക്കൽ ചന്തുവിന്റെയും, എടച്ചേന കുങ്കന്റെയും മറ്റ് വീരഗാഥകൾ. ഗോത്രവർഗ്ഗ വീരയോദ്ധാവ് തലയ്ക്കൽ ചന്തുവിന്റെ നേതൃത്വത്തിൽ 1802 ലെ ഒരു ശരത്കാല രാത്രിയിൽ പിറന്ന നാടിന്റെ സ്വാതന്ത്ര്യത്തിനും,

നാട്ടിലെ പെണ്ണുങ്ങളുടെ മാനത്തിനും വില പറഞ്ഞ പനമരം കോട്ടയിലെ ബ്രിട്ടീഷ് കമ്പനി പട്ടാള പ്രമുഖനായ കമാൻഡിംഗ് ഓഫീസർ ഡിക്കൻസ്, ലെഫ്റ്റനന്റ് മാക്സ് വെൽ അടക്കം കമ്പനി പട്ടാളത്തിന്റെ തലയെടുത്ത ത്രസിപ്പിക്കുന്ന ചരിത്രം. അതിനു പ്രതികാരമായി തലക്കൽ ചന്തുവിനെ തൂക്കിലേറ്റിയ കോളി മരം സ്കൂൾ സമീപത്ത് ചരിത്രനേർസാക്ഷിയായി ഗതകാല സ്മരണകളുമായി നിൽക്കുന്നു. സ്കൂൾ കോമ്പൗണ്ടിനോട് ചേർന്ന് ഈ ധീരദേശാഭിമാനിയുടെ സ്മാരകം സ്ഥിതി ചെയ്യുന്നു.

പനമരം പ്രദേശത്തെ പ്രധാന പൊതുവിദ്യാലയമാണ് ജി.എച്ച്.എസ്.എസ്. പനമരം. ഒരു പ്രദേശത്തിന്റെ സാമ്പത്തിക സാമൂഹിക സാംസ്കാരിക പരിച്ഛേദം കൂടിയാണ് അവിടുത്തെ വിദ്യാലയം. ചെറുകിടകച്ചവടക്കാർ, കർഷകർ, കർഷകത്തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, ഗോത്രവിഭാഗം ജനങ്ങൾ, സ്വയം തൊഴിൽ ചെയ്യുന്നവർ, തുടങ്ങിയ സമൂഹത്തിലെ സാധാരണക്കാരായ രക്ഷിതാക്കളുടെ മക്കളുടെ പഠന ആശ്രയമാണ് പനമരം സ്കൂൾ. ഇതോടൊപ്പം തന്നെ സ്കൂളിന്റെ പഠന മികവ്, കലാകായികരംഗത്തെ മികവുകൾ, എസ്.പി.സി. ലിറ്റിൽ കൈറ്റ്, എന്നിവ പരിഗണിച്ച് മദ്ധ്യ വർഗ്ഗ രക്ഷിതാക്കളും ബിസ്സിനസ്സുകാരുടെയും ഉദ്യോഗസ്ഥരുടെയും മക്കളും ജി.എച്ച്. എസ്.എസ്. പനമരത്തെ തെരഞ്ഞെടുക്കുന്നു.

യു.പി, എച്ച്.എസ് വിഭാഗത്തിൽ പഠിക്കുന്ന 1500 കുട്ടികളിൽ മൂന്നിലൊന്നും ഗോത്രവിഭാഗത്തിൽ പെട്ട കുട്ടികളാണ്. ഇതിൽ പ്രാക്തന ഗോത്രവിഭാഗത്തിൽ പെട്ട കാട്ടുനായ്ക്ക വിഭാഗത്തിൽ പെട്ട കുട്ടികളും, PVTG വിഭാഗത്തിൽപെട്ട പണിയ, അടിയ, ഊരാളി വിഭാഗം കുട്ടികളും പഠിക്കുന്നു.ഇതിൽ മഹാഭൂരിപക്ഷം പണിയ വിഭാഗം കുട്ടികളാണ്. പനമരം പ്രദേശത്തിന്റെ ഗതകാല കാർഷിക സമൃദ്ധി പ്രത്യേകിച്ച് വയൽകൃഷി ഉപജീവനമാക്കിയ പണിയസമുദായ ഗോത്രവിഭാഗം ഊരുകൾ പനമരത്ത് ധാരാളമായിട്ടുണ്ട്. പണിയ സമുദായത്തിലെ ആളുകൾക്ക് നെൽകൃഷിയിലും അനുബന്ധ പണികളിലുമുള്ള നൈപുണ്യം പ്രസിദ്ധമാണല്ലോ. എന്നാൽ നെൽ കൃഷിക്ക് സംഭവിച്ച അപചയം ഈ വിഭാഗം ആളുകളുടെ സാമ്പത്തിക ഭക്ഷ്യ ഭദ്രതയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

5 മുതൽ 10 വരെ ക്ലാസ്സുകളിലായി 500 നടുത്ത് ഗോത്രവിഭാഗം കുട്ടികളാണ് സ്കൂളിലുള്ളത്. പനമരം പഞ്ചായത്തിലെ വിവിധ ഊരുകളിൽ നിന്നാണ് ഇവയിൽ മഹാഭൂരിപക്ഷം കുട്ടികളും വരുന്നത്.ഇതു കൂടാതെ കണിയാമ്പറ്റ പഞ്ചായത്തിൽ നിന്നും , പനമരത്തെ ട്രൈബൽ ഹോസ്റ്റൽ ഉള്ളതിനാൽ തിരുനെല്ലി പഞ്ചായത്ത്, പുൽപ്പള്ളി പഞ്ചായത്തിലെ പാക്കം, ചേകാടി, കുറുമ്പാലക്കോട്ട, വൈത്തിരി തുടങ്ങിയ വയനാടിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും ഹോസ്റ്റലിൽ പ്രവേശനം നേടിയ കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. പനമരം പഞ്ചായത്തിലെ 60 ഊരുകളിലെ കുട്ടികൾ ഇവിടെ പഠിക്കുന്നു.

ചുരുക്കത്തിൽ വയനാട് ജില്ലയിലെ വിവധങ്ങളായ സാമൂഹിക സാമ്പത്തിക സാംസ്കാരിക ഭൂമിശാസ്ത്ര മേഖലകളുടെ സമന്വയമാണ് പനമരം സ്കൂൾ. ഇത് സ്കൂളിന്റെ പ്രശ്നങ്ങളും ഉത്തരവാദിത്വങ്ങളും സാധ്യതകളും വർദ്ധിപ്പിക്കുന്നു. ഉന്നതമായ സാമൂഹിക സാമ്പത്തിക പശ്ചാത്തലമുള്ള കുട്ടികളും അതോടൊപ്പം തന്നെ പാർശ്വവൽക്കരിക്കപ്പെട്ട ഗോത്രവിഭാഗം കുട്ടികളുടെ എണ്ണവും ധാരാളമുള്ളതിനാൽ സ്കൂളിലെ ബോധന രീതി കൂടുതൽ ഉത്തരവാദിത്വവും വെല്ലുവിളികളും നിറഞ്ഞതാണ്. ആധുനീക കാലത്തെ സാങ്കേതിക വിദ്യകൾ ഊന്നിക്കൊണ്ട് മാറിയ ലോകത്തെ സാഹചര്യങ്ങളും, കാലഘട്ടത്തിനനുസരിച്ച് കുട്ടികളെ പ്രാപ്തമാക്കുന്ന രീതിയിലുള്ള അക്കാദമികവും കലാകായികവുമായ പിൻ തുണ കുട്ടികൾക്ക് നൽകേണ്ടതുണ്ട്. ഇതോടൊപ്പം സമൂഹത്തോടും സാഹചര്യത്തോടും ചേർന്ന് വളരാനും പരിസ്ഥിതിബോധമുള്ള സാമൂഹിക ഉത്തരവാദിത്വങ്ങൾ നന്നായി ചെയ്യുന്ന സ്വന്തം കടമയിൽ ബോധവാൻമാരായി കുട്ടികളെ വളർത്തിയെടുക്കേണ്ട UTHARAVADITHAM ജില്ലയിലെ മറ്റു സ്കൂളുക LIL NINNUM PNMSCLINE നിന്നും തികച്ചും വ്യത്യസ്തവും വൈവിദ്ധ്യ പൂർണ്ണവുമാക്കി മാറ്റുന്നു.

കുട്ടികളെ അവരുടെ സാമൂഹിക സാമ്പത്തിക പരിസ്ഥിതിയിൽ വച്ച് ആഴത്തിൽ മനസ്സിലാക്കി ബോധന പ്രക്രിയ നടപ്പിലാക്കിയാൽ മാത്രമേ അക്കാദമിക സാങ്കേതിക മേഖലയിലും കലാകായിക മേഖലകളിലും അവരെ കൂടുതൽ കഴിവുള്ളരും കൂടുതൽ ആത്മവിശ്വാസമുള്ളവരുമായി മാറ്റാൻ കഴിയുകയുള്ളൂ. അതിനേറ്റവും നല്ല മാർഗ്ഗം കുട്ടികളേയും അവരുടെ

രക്ഷിതാക്കളേയും അവരുടെ വീട് സന്ദർശിച്ച് ആശയ വിനിമയം നടത്തുക എന്നതാണ്.

വിശ്രുത കൊറിയൻ സംവിധായകൻ കിം കി ഡുക്കിന്റെ -ഡോണ്ട് ജഡ്ജ്- എന്ന ഷോർട്ട് ഫിലിമിൽ ക്ലാസ്സിൽ പതിവായി താമസിച്ച വരുന്ന വിദ്യാർത്ഥിയെ ശിക്ഷിക്കുകയും അവനെ മറ്റുകുട്ടികളുടെ മുൻപിൽ വെച്ച് കളിയാക്കുകയും ചെയുന്ന അധ്യാപകൻ ,അധ്യാപകന്റെ സ്കെയിൽ കൊണ്ടുള്ള അടിയേക്കാൾ ആ കുഞ്ഞു മനസ്സ് വേദനിച്ചതിന് മറ്റ് എന്തോ കാരണം ഉണ്ടായിരുന്നു. ക്ലാസ്സിലെ മറ്റുകുട്ടികൾക്കു മുൻപിൽ അവൻ മടിയനും കൃത്യനിഷ്ഠയില്ലാത്തവനുമായിരിന്നു. എന്നാൽ ഒരുനാളിൽ ഇ കുട്ടിയുടെ വീടിനു സമീപത്തു കൂടി കടന്നുപോയ അധ്യാപകൻ കുട്ടി താമസിച്ച സ്കൂളിൽ എത്തുന്നതിന്റെ കാരണം മനസിലാക്കുന്നു. ഭിന്നശേഷിക്കാരനായ തന്റെ മുതിർന്ന സഹോദരനെ വീൽ ചെയറിൽ കയറ്റി വീൽ ചെയർ ഉന്തിക്കൊണ്ടു കുറേ ദൂരം സഞ്ചരിച്ച സഹോദരനെ സ്കൂള്ബസ്സിൽ കയറ്റി വിട്ടതിനു ശേഷമാണു ഈ കൊച്ചുപയ്യൻ ഓടി മടുത്തു സ്കൂളിൽ എത്തുന്നത്. ഈ ദിവസവും ക്ലാസ്സിൽ താമസിച്ച വരുന്ന കുട്ടി പതിവ് പോലെ കുനിഞ്ഞ ശിരസ്സുമായി തല്ലുവാങ്ങുന്നതിനായി അധ്യാപകന്റെ നേരെ കൈനീട്ടുന്നു ,ക്ലാസ്സിലെ മറ്റുകുട്ടികൾ അവനെ കളിയാക്കി ചിരിക്കാൻ തുടങ്ങുന്നു. കണ്ണടച്ച് അടിവാങ്ങാനായി നീട്ടിയ ആ കൊച്ചുകൈയിലേക്കു അധ്യാപകൻ അവനെ സ്ഥിരമായി തല്ലാൻ ഉപയോഗിച്ചിരുന്ന സ്കെയിൽ വച്ചുകൊടുത്തു തന്നെ തല്ലാൻ ആവിശ്യപെട്ടുകൊണ്ടു അവന്റെ മുൻപിൽ കുനിഞ്ഞിരുന്ന് മാപ് അപേക്ഷിക്കുന്നു.അധ്യാപരും വിദ്യാർത്ഥികളും യാഥാർത്യം മനസ്സിലാക്കുന്ന സമ്മോഹന നിമിഷം. അധ്യാപകനും കുട്ടിയും ആസ്വാദകരുടെ മനസ്സിൽ ഉദാത്തവൽക്കരിക്കപ്പെടുന്നു.ആദ്യ ഭാഗത്തു കുട്ടി മടിയനാണ് എന്ന് കരുതുന്ന പ്രേക്ഷകന്അവനോട് ചെറിയ നീരസം ഉണ്ട് ,എന്നാൽ കുട്ടിയുടെ യാഥാർഥ്യം മനസ്സിലാക്കുന്ന നിമിഷം ആ നീരസം അധ്യപകനോടായി മാറുന്നു. എന്നാൽ യാഥാർഥ്യം മനസ്സിലാക്കിയ അധ്യാപകന്റെ മാപ്പിരക്കലിൽ പ്രേക്ഷകർക്ക് അദ്ദേഹത്തോടുള്ള സ്നേഹവും ,ബഹുമാനവും കൂടുന്നു. കുട്ടികളുടെ സാഹചര്യങ്ങൾ മനസ്സിലാക്കുന്നിടത്താണ് അധ്യാപകൻ വിജയിക്കുന്നത്.

പനമരം സ്കൂളിലെ എല്ലാ കുട്ടികളുടെയും വീടുകൾ അക്കാദമിക വർഷത്തിന്റെ ആദ്യമാസങ്ങളിൽ തന്നെ സന്ദർശിക്കുന്ന ഗുരുകുലം എന്ന പേരിലുള്ള

പ്രത്യേക ഭവന സന്ദർശന പരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നുണ്ട്. ക്ലാസ്സിൽ കുട്ടികൾക്ക് നോട്ടുബുക്കും പേനയുമില്ലാത്തത്, താമസിച്ച് ക്ലാസ്സിൽ വരുന്നത്, പരീക്ഷയ്ക്ക് മാർക്ക് കുറയുന്നത് എന്നിവയ്ക്ക് പിന്നിൽ ഇത്തരം പാശ്ചാത്തലമുണ്ട് എന്ന് ഗുരുകുലം പദ്ധതിയിലൂടെ അദ്ധ്യാപകർക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഗോത്രവിഭാഗം കുട്ടികളിൽ തന്നെ ഏറ്റവും പിന്നോക്കക്കാരായ കാട്ടുനായ്ക്ക, പണിയ, അടിയ, ഊരാളി വിഭാഗം കുട്ടികളുടെ പ്രശ്നങ്ങൾ പ്രത്യേകം പഠിച്ച് അതിനുള്ള പരിഹാരം കാണേണ്ടതുണ്ട്. ഇവിടെ കുട്ടികളുടെ പഠനം പോലെ രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണവും പ്രധാനപ്പെട്ടതാണ്. ഇത്തരം പാർശ്വ വൽക്കരിക്കപ്പെട്ട രക്ഷിതാക്കളുടെ കുട്ടികളെ അടിസ്ഥാനശേഷി നേടുന്നതിൽ പ്രാപ്തരാക്കി മാറിയ സാഹചര്യത്തിനനുസരിച്ച് ജീവിക്കുന്നതിനും സ്കൂളിൽ സ്ഥിരമായി അവരെ എത്തിക്കുന്നതിനുമുള്ള വിവിധങ്ങളായ പദ്ധതികൾ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

അതുപോലെ തന്നെ എല്ലാ വിഭാഗത്തിലെയും മിടുക്കരായ കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകി മാറിയ സാഹചര്യത്തിനനുസരിച്ചുള്ള വെല്ലുവിളികളെ അതിജീവിക്കാനും മത്സരപരീക്ഷകളിൽ വിജയിക്കാനും അവരെ പ്രാപ്തരാക്കുന്ന പദ്ധതികളും മാസ്റ്റർ പ്ലാനിലുണ്ട്. എസ്. പി. സി., ലിറ്റിൽ കൈറ്റ്, ജെ.ആർ.സി തുടങ്ങിയവയിലൂടെ കുട്ടികളുടെ നേതൃത്വ പരവും സാങ്കേതികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്ന പദ്ധതികളും മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിട്ടുണ്ട്.കുട്ടികളുടെ കലാകായികപരമായ ശേഷികളും പ്രത്യേക വാദ്യ ഉപകരണ പരിശീലനം നൽകുന്ന പരിപാടികളും മാസ്റ്റൽ പ്ലാനിന്റെ ഭാഗമാണ്.

പി.ടി.എ, എസ്.എം.സി, എം.പി.ടിഎ , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുസമൂഹം, ഡയറ്റ്, ബി.ആർസി , വിദ്യാഭ്യാസ വകുപ്പ്, സ്കൂളിലെ അദ്ധ്യാപകർ തുടങ്ങിയവരുടെയും ചില മേഖലകളിൽ പുറമേ നിന്നുള്ള വിദഗ്ധരെയും ഉൾപ്പെടുത്തി സ്കൂളിന്റെ പാഠ്യ പാഠ്യേതര വിഷയങ്ങളിൽ ദീർഘകാലത്തെ ഉന്നമനം ലക്ഷ്യം വച്ച് അവ ആസൂത്രണം ചെയ്ത് നടപ്പാക്കി നേടിയ ലക്ഷ്യങ്ങൾ വിശകലനം ചെയ്യുന്ന വിധത്തിലാണ് സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്തിട്ടുള്ളത്.

<table>
<tr><th>മേഖല</th><th>ലക്ഷ്യം</th><th>പ്രശ്നങ്ങൾ/<br>കണ്ടെത്തലുകൾ</th><th>പരിഹാരം</th></tr>
<tr>
<td>ഗോത്രവിഭാഗം
<table>
<tr><th>Class</th><th>Boys</th><th>Girls</th><th>Total</th></tr>
<tr><td>5</td><td>11</td><td>13</td><td>24</td></tr>
<tr><td>6</td><td>31</td><td>21</td><td>52</td></tr>
<tr><td>7</td><td>20</td><td>21</td><td>41</td></tr>
<tr><td>8</td><td>39</td><td>44</td><td>83</td></tr>
<tr><td>9</td><td>69</td><td>54</td><td>123</td></tr>
<tr><td>10</td><td>63</td><td>63</td><td>126</td></tr>
</table>
</td>
<td>* ഹാജർ ഉറപ്പുവരുത്തുക<br>* വിദ്യാലയത്തോടും പഠനത്തോടും താൽപ്പര്യം ജനിപ്പിക്കുക<br>* ലക്ഷ്യബോധം ഉള്ളവർ ആക്കുക<br>* രക്ഷിതാക്കൾ പൊതുസമൂഹം എന്നിവരിൽ നിന്നും പിന്തുണ ഉറപ്പാക്കുക<br>* കലാകായിക പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തിലേക്ക് ആകർഷിക്കുക.<br>* വിദ്യാലയത്തിൽ തങ്ങൾക്കും സ്ഥാനമുണ്ട് എന്ന ബോധ്യം സൃഷ്ടിക്കുക.<br>* വിദ്യാഭ്യാസത്തിലൂടെ പിന്നാക്കം നിൽക്കുന്ന സമൂഹത്തിന്റെ പുരോഗതിയിൽ പങ്കാളിയാക്കുക.<br>* 2016 മാർച്ചിൽ എസ്എസ്എൽസി പരീക്ഷയിൽ 100% വിജയം നേടുക</td>
<td>*മാതൃകകളുടെ കുറവ് രക്ഷിതാക്കളുടെ താല്പര്യക്കുറവ്<br>*ലക്ഷ്യബോധം ഇല്ലായ്മ ലഹരി ഉപയോഗം<br>* മുന്നറിവുകളുടെ കുറവ്<br>* സാമൂഹിക അരക്ഷിതാവസ്ഥ<br>* ഗോത്ര സംസ്കാരം ആചാരങ്ങൾ ഇവയുടെ പ്രത്യേകതകൾ<br>* അപകർഷത ബോധം<br>* ആത്മവിശ്വാസം ഇല്ലായ്മ<br>* സമൂഹത്തിൽ നിന്നും സഹപാഠികളിൽ നിന്നും മാറ്റി നിർത്തപ്പെടുന്ന അവഗണിക്കപ്പെടുന്ന എന്ന ധാരണ</td>
<td>* കുട്ടികളുടെ വീടുകൾ കേന്ദ്രീകരിച്ച് പ്രാദേശിക പിന്തുണ സംവിധാനം<br>*P.T.A,SMC, ജനപ്രതിനിധികൾ , T.E.O, പ്രമോട്ടർമാർ തുടങ്ങിയവർ ഉൾപ്പെടുന്ന കമ്മിറ്റി<br>* കുട്ടികൾ വിദ്യാഭ്യാസത്തിൽ നിന്നും അകന്നതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിന് ഹെൽപ്പ് ഡെസ്ക്<br>* ഗോത്രസൗഹൃദ കൂട്ടായ്മ ,ക്ലബ്ബ് പ്രവർത്തനങ്ങൾ<br>* വിനോദയാത്രകൾ<br>* കലാകായികമത്സരങ്ങൾ<br>*തനത് കലാരൂപങ്ങളും ചെണ്ട ,തുടി തുടങ്ങിയ വാദ്യോപകരണങ്ങളുടെ പരിശീലനം<br>*ഗോത്ര വിഭാഗത്തിലെ തന്നെ വിവിധ മേഖലകളിൽ വിജയിച്ചവരുമായുള്ള അഭിമുഖം ,മോട്ടിവേഷൻ ക്ലാസുകൾ<br>* ലഹരി വിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണവും<br>* വീടുകളുമായി ആശയവിനിമയം</td>
</tr>
</table>

# Up മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം | പഠിതാക്കൾ അവരുടെ അവധിക്കാലാനുഭവങ്ങൾ പങ്കെടുകയും കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു. അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കാവുന്ന പ്രവർത്തനങ്ങൾ<br>വാക്കുകൾ അടങ്ങിയ കാർഡുകൾ നൽകി പദങ്ങൾ ,വാക്യങ്ങൾ നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | |
| വായന ഉറപ്പാക്കൽ | ടെക്സ്റ്റ് ബുക്ക് ,പത്രം ആഴ്ചപ്പതിപ്പ് എന്നിവ പഠിതാക്കൾ വായിക്കുകയും ഉച്ചാരണശുദ്ധി, ചിഹ്നങ്ങൾ തിരിച്ചറിയൽ, പദപരിചയം എന്നിവ വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | PTA |
| പഠിതാവിൽ എഴുത്ത് ഉറപ്പിക്കൽ | ഡയറിയെഴുത്ത്, അനുഭവം കുറിപ്പ് തയ്യാറാക്കൽ, യാത്രാനുഭവം കുറിപ്പ് തയ്യാറാക്കൽ, കഥ | JUNE - DECEMBER | മലയാളം അധ്യാപകർ | |
| സാഹിത്യകൃതികളോടു സാഹിത്യകാരന്മാരോടും താൽപ്പര്യം വർദ്ധിപ്പിച്ച് സർഗ്ഗശേഷി | സാഹിത്യ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സാഹിത്യകാരന്മാരെ സാഹിത്യകാരന്മാരു | | മലയാളം അധ്യാപകർ | PTA |

| | | | |
|---|---|---|---|
| വളർത്തൽ | ടെ അനുഭവങ്ങൾ പങ്കിടുന്ന വീഡിയോ പ്രദർശനം | | |
| മലയാള ഭാഷയിലൂടെ നൂതന സാങ്കേതിക വിദ്യാരംഗത്ത് നൈപുണി നേടൽ | ലാപ്ടോപ്പിന്റെ സഹായത്തോടെ ഇമെയിൽ തയ്യാറാക്കൽ, പോസ്റ്റർ തയ്യാറാക്കൽ ഈ മാഗസിൻ നിർമ്മാണം എന്നിവ പരിചയപ്പെടുന്ന പ്രവർത്തനങ്ങൾ ഒരു വർഷം | വർഷത്തിൽ രണ്ടു പ്രാവശ്യം | മലയാളം അധ്യാപകർ |
| കുട്ടികളുടെ സർഗ്ഗശേഷി വികസനം | കവിത, കഥ രചനകൾ, അനുഭവക്കുറിപ്പ്, യാത്രാവിവരണക്കുറിപ്പ് തയ്യാറാക്കൽ ലഘു നാടകങ്ങൾ അവതരണം മാഗസിൻ തയ്യാറാക്കൽ | ഒരു വർഷം മുഴുവൻ | മലയാളം അധ്യാപകർ മലയാളം ക്ലബ്ബ് |

Downloaded from: https://textbooksall.blogspot.com/

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം**: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം.<br>ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# സാമൂഹ്യ ശാസ്ത്രം up

ലക്ഷ്യങ്ങൾ

1.അർഥപൂർണമായ ഭൂപടവായന ക്രമീകരിക്കുന്നു.

2.പൊതുവിജ്ഞാനത്തിന് ഊന്നൽ നല്കുന്നു.

3.പ്രാചീന- മധ്യ- ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ തരംതിരിക്കുന്നു.

4.പ്രാദേശിക ചരിത്രാവബോധം വളർത്തുക.

5.പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്രപഠനം കാര്യക്ഷമമാക്കുന്നു.

6.ക്ലബ്പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു.

**UP**

| പ്രവർത്തനം | സമയം | പിന്തുണ |
|---|---|---|
| # കേരളം, ഇന്ത്യ, ലോകഭൂപടം പരിചയപ്പെടുന്നു.<br><br>#ICT യിൽ കേരളം ജില്ലകൾ ഗെയിം കളിക്കുന്നു.(റോൾപ്ലേ)<br><br>#ദിവസത്തിൽ 2 ചോദ്യങ്ങൾ ന്യൂസ് പേപ്പർ വഴി കണ്ടെത്തുന്നു.<br><br>#മധ്യകാലഇന്ത്യ പരിചയപ്പെടുത്തുന്നു. | ജൂൺ - ഫെബ്രുവരി | PTA<br>BRC<br><br>RESOURCE TEACHERS |

| | | |
|---|---|---|
| വിജ്ഞാനം, കല, സാഹിത്യം, നഗരം) ചാർട്ട്, കളക്ഷൻ, ICT സാധ്യത ഉപയോഗിച്ച് വിവരണം.<br><br># പ്രദേശത്തെ ചരിത്രസ്മാരകസന്ദർശനം.<br><br># ചരിത്രപ്രാധാന്യമുള്ളസ്ഥലസന്ദർശനം (ഇന്ത്യ,കേരളം)<br><br># ആനുകാലികവിഷയങ്ങളെക്കുറിച്ചുള്ള മത്സരങ്ങൾ(അടിക്കുറിപ്പ്, ലേഖനം, പ്രഭാഷണം)<br><br># ഡിജിറ്റൽ ആൽബം<br><br>.പ്രപഞ്ചം എന്ന മഹാത്ഭുതം<br><br>. വൈവിധ്യങ്ങളുടെ ലോകം<br><br># സോഷ്യൽ സയൻസ് ഫെസ്റ്റ് (യുപി ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉത്പ്പന്നങ്ങൾ പ്രദർശിപ്പിക്കൽ)<br><br># പ്രാദേശിക വിഭവ ഭൂപടനിർമ്മാണം | ജനുവരി<br><br>ഒക്ടോബർ-ജനുവരി | |

## UP ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.ഗണിതം മധുരമാക്കുന്നു. | 1.ഗണിത അസംബ്ലി<br>കുട്ടികൾക്ക് ഗണിതത്തിൽ ഉള്ള അഭിരുചി വളർത്താനായി ഗണിത അസംബ്ലി. | 1. ജൂൺ | ഗണിത അധ്യാപകർ | |
| 2.അടിസ്ഥാന ശേഷികളിലുള്ള വികസനം | 2.ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം.<br>വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. ഗണിത സാവിശേഷതകൾ പട്ടികപ്പെടുത്തി പ്ര ദർശനം സംഘടിപ്പിക്കുന്നു | ജൂലൈ മുതൽ ഒക്ടോബർ വരെ | ഗണിത അധ്യാപകർ | PTA എംപിറ്റ |
| 3.ഗണിത പസിൽ | 3. ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അടിസ്ഥാന ക്രിയകളെ കുറിച് അവബോധം സൃഷ്ടിക്കുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | PTA |
| 4. ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം. | | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | |
| 5. ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ | ദിനചാരണം<br>ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനചാരങ്ങളുമായി | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | |

ബന്ധപ്പെട്ട്
നടത്തേണ്ട
പ്രവർത്തനങ്ങൾ
SRG യിൽ
രൂപപ്പെടുത്തുകയും
നിശ്ചിത
ദിവസങ്ങളിൽ അവ
സംഘടിപ്പിക്കുകയും
ചെയ്യുന്നു.

ജി എച്ച് എസ് എസ് പനമരം - പ്രവർത്തനങ്ങൾ

HS വിഭാഗം - മലയാളം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1) മുന്നറിവ് പരിശോധന<br>2)അക്ഷരം ഉറപ്പിക്കൽ<br>3)വാക്കുകൾ ഉറപ്പിക്കുക<br>4)വാക്യങ്ങൾ നിർമിക്കുക<br>5)ചിത്രം - അടിക്കുറിപ്പ്<br>6) ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക അധിക സമയ പരിശീലനം | ജൂൺ - ആഗസ്റ്റ് | മലയാളം അധ്യാപകർ | SSK, ജില്ലാ പഞ്ചായത്ത്, കൂടുതൽ സഹായങ്ങൾക്കായി MLA, MP, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവരെ സമീപിക്കുന്നു |
| 2. | കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | 1)ക്ലാസ് ലൈബ്രറി, വായനക്കൂട്ടം<br>2)ലൈബ്രറി നവീകരണം<br>3)പ്രാദേശിക ലൈബ്രറികളിൽ അംഗമാവുക<br>4)പത്രവായന<br>5)പുസ്തകചർച്ച<br>6)വിദ്യാരംഗം പ്രവർത്തനങ്ങൾ<br>7)സാഹിത്യകാരന്മാരും ആയുള്ള അഭിമുഖം | സെപ്റ്റംബർ - ജനവരി | മലയാളം അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1) വായനക്കുറിപ്പ് പതിപ്പ്<br>2)സർഗസൃഷ്ടികളുടെ പതിപ്പ്<br>3)വ്യക്തിഗത രചന, സംഘരചന<br>4) കഥ, കവിത, ഉപന്യാസ രചന മത്സരങ്ങൾ സംഘടിപ്പിക്കുക<br>5)സഹിത്യകാരുമായുള്ള അഭിമുഖം | സെപ്റ്റംബർ - ജനുവരി | മലയാളം അധ്യാപകർ/ ട്രെയിനർമാർ | |
| 4. | സദസ്സിനെ അഭിമുഖീകരിക്കുവാൻ പ്രാപ്തരാക്കുക (പ്രസംഗം) | 1)പ്രസംഗപരിശീലന കളരി<br>2)വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയാറാക്കുക<br>3)മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ കേൾപ്പിക്കുക<br>4)പ്രസംഗം അവതരിപ്പിക്കാനുള്ള വേദികൾ സജ്ജമാക്കുക | സെപ്റ്റംബർ - ജനുവരി | മലയാളം അധ്യാപകർ/ ട്രെയിനർമാർ | |

| SI No. | OBJECTIVES | ACTIVITIES | PERIOD | RESPONSIBLITY | SUPPORT |
|---|---|---|---|---|---|
| 1 | Enable students to communicate with confidence in English. | English profociency development classes | Working Days & Holidays | Teachers, SRG & English Club | PTA & SMC |
| | | English Library Renovation | | | |
| | | English Corner | | | |
| | | Story Time | | | |
| | | English Cartoons | | | |
| | | English Assembly | | | |
| 2 | Provide opportunities for creative expressions in English | Cinema & Documentary - For profiling and scripting certain scenes from English cinema are showcased. | Throughout the AY with classroom activities | English Teachers & English Club | PTA & ENGLISH CLUB |
| | | Role play, English Day, Seminars, | | | |
| | | Choreographing selected poems of famous English poets and presenting them on the stage | | | |
| 3 | Facilitate independent speaking, reading and prepare students for independent writing. | School English Voice, Alphabet Cards, Word Cards, Sentence Formation Cards | With Classroom activities, During School Assembly throughout the AY | English Teachers, SRG & English Club | PTA & SMC |
| | | Picture Reading, Short Story Creation, Public Speaking, Simple Games, | | | |
| | | Preparing English News, My Diary, | | | |
| | | News Reading at school assembly, News Reading Competitions | | | |

| SI No. | OBJECTIVES | ACTIVITIES | PERIOD | RESPONSIBLITY | SUPPORT |
|---|---|---|---|---|---|
| 4 | To enable students make their own plays | English Assembly, Skit, English Lab | With Classroom activities | English Teachers | PTA & SMC |
| | | Extracting scenes from lesson content and presenting them through Skit and Storytelling techniques. | | | |
| 5 | To enable students produce their own movies | Students find out stories from their lessons, write screen plays, shoot scenes, edit and screen movies with the help of ICT facilities in school. | Class room activities | English Teachers & English Club | PTA & ENGLISH CLUB |
| 6 | Enable students to write poems in English. Enable them to recite English poems of famous writers | Opportunities to listen to English poems | With classroom activities & During holidays | English Teachers & English Club | PTA, English Club |
| | | Organizes competitions for versification and recitation | | | |
| | | Book reviews, Exhibition of students' works, Publication of class Magazines | | | |
| 7 | Utilising information technology and AI to enhance students' language skills | Opportunities to listen to English poems | Holidays (Onam & Christmas) | English Club & SRG | PTA & SMC |
| | | Organizes competitions for versification and recitation | | | |
| | | Book reviews, Exhibition of students' works, Publication of class Magazines | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി

മേഖല : **അക്കാദമികം**

ഉപ മേഖല: **ഹിന്ദി**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷ എന്ന നിലയിൽ ഹിന്ദി ഒഴുക്കോടെയും ഉച്ചാരണശുദ്ധിയോടെയും വായിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക | * വായനയിലെ പരിമിതി മനസ്സിലാക്കാനുള്ള ശ്രമം<br>* വായനയ്ക്കുള്ള കാർഡുകൾ<br>* അക്ഷരങ്ങൾ ഉറപ്പിക്കാനുള്ള ശ്രമങ്ങൾ. | 3 മാസം | ഭാഷാധ്യാപകർ, SSC, ലൈബ്രേറിയൻ | SMC, PTA, |
| 2 | ഹിന്ദി ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക | * ദിനം പ്രതി പുതിയ ഒരു ഹിന്ദി വാക്ക്<br>* വായനാകാർഡ് നിർമാണം<br>* ചുമർ പത്രിക ഒരുക്കൽ<br>* ഹിന്ദി കൈയെഴുത്ത് പതിപ്പ് | ഒരു വർഷം | ഭാഷാധ്യാപകർ, | SRG |
| 3 | ഹിന്ദിയിൽ കലകൾ അവതരിപ്പിക്കാനും ആസ്വദിക്കാനും ഉതകുന്നതരത്തിൽ സർഗ വൈഭവങ്ങൾ പോഷിപ്പിക്കൽ | * അവതരണത്തിനും ആസ്വാദനത്തിനുമുള്ള ക്ലാസ് സമാജം<br>* ഉൽപന്നം, പോർട്ഫോളിയോ പ്രദർശനത്തിന് ഹിന്ദി കോർണർ. | രണ്ടാഴ്ച്ചയിലൊരിക്കൽ | ആർട്-മ്യൂസിക് അധ്യാപകർ | SMC, PTA, |
| 4 | ഹിന്ദിയുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ ആഘോഷിക്കുന്നതിലൂടെ ഹിന്ദിയിൽ താൽപര്യം വർധിപ്പിക്കൽ | * ഹിന്ദി സാഹിത്യപ്രതിഭകളെ പരിചയപ്പെടുത്തൽ<br>* ഹിന്ദി ക്ലബ്ബിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ<br>* സ്വാതന്ത്ര്യ ദിന – റിപ്പബ്ലിക് ദിന സന്ദേശങ്ങളും ഗാനങ്ങളും ഹിന്ദിയിൽ | ഹിന്ദി ക്ലബ്ബ് | ഭാഷാധ്യാപകർ | SRG, SMC, PTA |
| 5 | കുട്ടികളെ സ്കൂൾ കലോത്സവത്തിലെ ഹിന്ദി ഇനങ്ങൾക്ക് സജ്ജമാക്കൽ | * വിവിധ മത്സരങ്ങൾ<br>* ആഴ്ചയിലൊരിക്കൽ ഹിന്ദി പ്രശ്നോത്തരി | യഥാസമയം | അധ്യാപകർ | SMC, PTA, |
| 6 | ഹിന്ദി ഭാഷാ പഠനത്തിന് ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | | വർഷം മുഴുവൻ | ഭാഷാധ്യാപകർ, SITC, JSITC, | SRG |
| 7 | ഭാഷാ പഠനത്തിലൂടെ പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലെത്തിക്കുക | * എക്സ്ട്രാ ആക്ടിവിറ്റീസ്<br>* കൈത്താങ്ങ്, ഗൃഹ സന്ദർശനം | യഥാസമയം | മുഴുവൻ അധ്യാപകർ | SRG, SMC, PTA |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോക ത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ജി എച്ച് എസ് എസ് പനമരം - പ്രവർത്തനങ്ങൾ

# HS വിഭാഗം സോഷ്യൽ സയൻസ്

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല/ | സാമ്പത്തികം |
|---|---|---|---|---|---|
| | ● സാമൂഹ്യശാസ്ത്ര പഠനം എളുപ്പമാക്കുക<br>● പഠനാന്തരീക്ഷവും പഠന പ്രവർത്തനങ്ങളും ആസ്വാദ്യകരമാക്കുക<br>● സാമൂഹ്യശാസ്ത്ര മൂല്യങ്ങൾ വളർത്തുക<br>● ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുക<br>● ഭൂമിശാസ്ത്ര സവിശേഷത തിരിച്ചറിയുക<br>● ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കണമെന്ന അവബോധം വളർത്തുക<br>● ഭൂമിശാസ്ത്ര പഠനരംഗത്തെ നൂതന സാങ്കേതിക വിദ്യകൾ മനസ്സിലാക്കുക | ● സാമൂഹ്യശാസ്ത്ര പഠനത്തിന് പ്രത്യേക ക്ലാസ് മുറിയുടെ ആവശ്യകത എസ്ആർ ജി യോഗത്തിൽ ചർച്ച ചെയ്യുന്നു<br>● ലാബിനും ലൈബ്രറിക്കുമായി റൂം കണ്ടെത്തുന്നു<br>● ഭൂപടം ഗ്ലോബ് എന്നിവ ക്രമീകരിക്കുന്നു<br>● ഐസിടി ക്രമീകരിക്കുന്നു<br>● ഭൂമിശാസ്ത്ര പഠനത്തിന് ആവശ്യമായ ഉപകരണങ്ങൾ ക്രമീകരിക്കുന്നു ഉദാഹരണം തെർമോമീറ്റർ സ്റ്റീരിയോസ്കോപ്പ്<br>● ചരിത്ര പ്രാധാന്യമുള്ള സാമൂഹ്യശാസ്ത്ര പഠനത്തിന് ആവശ്യമായ ചിത്രങ്ങളും പുസ്തകങ്ങളും ശേഖരിക്കുന്നു<br>● പുരാവസ്തുക്കൾ ശേഖരിക്കുന്നു<br>● ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു | ഒരു വർഷം<br><br>ഫീൽഡ് ട്രിപ്പ് എല്ലാ വർഷവും | SRG കൺവീനർ<br>HM<br>SMC ചെയർമാൻ<br>PTA/ MPTA | SSK, ജില്ലാ പഞ്ചായത്ത്, കൂടുതൽ സഹായങ്ങൾക്കായി MLA , MP, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവരെ സമീപിക്കുന്നു |

# മേഖല – ലൈബ്രറി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ● സ്കൂൾ ലൈബ്രറിക്ക് ആവശ്യമായ സൗകര്യങ്ങൾ ഇല്ല<br>● വായനാമുറി ഇല്ല<br>● കൂടുതൽ പുസ്തകങ്ങൾ ആവശ്യമുണ്ട്<br>● ക്ലാസ് ലൈബ്രറികളിലേക്ക് വിതരണം ചെയ്യുന്ന പുസ്തകങ്ങൾ സുരക്ഷിതമായി വെക്കാനുള്ള സൗകര്യങ്ങൾ ഇല്ല<br>● എല്ലാ കുട്ടികളും ലൈബ്രറി ഉപയോഗിക്കുന്നില്ല | ◆ ആധുനിക സൗകര്യങ്ങളോടുകൂടിയ ലൈബ്രറി<br>◆ ഓരോ വർഷവും നിശ്ചിത ശതമാനം തുകയ്ക്കുള്ള പുസ്തകങ്ങൾ ലഭ്യമാക്കണം<br>◆ ക്ലാസ് മുറികളിൽ ഷെൽഫുകൾ വയ്ക്കുക<br>◆ വായനക്കുറിപ്പ് തയ്യാറാക്കൽ മത്സരം<br>◆ ആഴ്ചയിലൊരിക്കൽ അസംബ്ലിയിൽ ഒരു പുസ്തകം അവതരിപ്പിക്കൽ<br>◆ കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടികൾക്ക് അധ്യയന വർഷാവസാനം പ്രോത്സാഹന സമ്മാനങ്ങൾ നൽകൽ.<br>◆ അമ്മ വായന<br>◆ പുസ്തക ചർച്ച | അധ്യയനവർഷം മുഴുവനും | അധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ | SSK, ജില്ലാ പഞ്ചായത്ത്, കൂടുതൽ സഹായങ്ങൾക്കായി MLA , MP, പൂർവ്വ വിദ്യാർത്ഥിസംഘടനകൾ എന്നിവരെ സമീപിക്കുന്നു |

കലാപഠനം ക്ലാസ്സ് 8 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GHSS പനമരം - ടേം ഒന്ന്

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| ജൂൺ/ ജൂലായ് | 1.കലാലോകം | 1 | സ്ഥായിയും കാലവും | സംഗീതം | 2 | ശബ്ദത്തിന്റെ ഏറ്റക്കുറച്ചിലുകളെക്കുറിച്ച് ധാരണ നേടുന്നു. സംഗീതത്തിൽ ഇതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു. |
| | | 2 | കാണുന്ന കണ്ണും കാണപ്പെയുന്ന ലോകവും | ചിത്രകല | 2 | 1.നിരീക്ഷണപാടവം ആർജ്ജിക്കുക<br>2.കാഴ്ചകൾ ചിത്രീകരിക്കുന്നതിനുള്ള സങ്കേതങ്ങൾ മനസ്സിലാക്കുന്നു.<br>3.സർഗാത്മക ആവിഷ്കാരം നടത്തുന്നു. |
| | | 3 | പാട്ടും പറച്ചിലും | നാടകം | 2 | നാടകകേളികളിലൂടെ ശബ്ദത്തിന്റെ ഏറ്റക്കുറച്ചിൽ ശബ്ദനിയന്ത്രണം എന്നിവ പരിശീലിക്കുന്നു. |
| | | 4 | ഒരു ദൃശ്യകഥയൊരുക്കാം | സിനിമ | 2 | 1.ഒരു ചിത്രത്തിലെ ആശയത്തെ കഥയാക്കി രൂപപ്പെടുത്താൻ കഴിയുന്നു.<br>2.ഒരു കഥയിൽ നിന്ന് തിരക്കഥ ആവിഷ്കരിക്കാൻ കഴിയുന്നു. |
| | | 5 | ഫ്ലാഷ് മോബ് | നൃത്തം | 2 | ഫ്ലാഷ്മോബ് എന്താണെന്നും എങ്ങനെയാണെന്നും മനസ്സിലാക്കുന്നു. |

കലാപഠനം ക്ലാസ്സ് 8 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GHSS പനമരം - ടേം ഒന്ന്

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| ഓഗസ്റ്റ് /സെപ്റ്റംബർ | 2.ചമയം | 1 | മണ്ണൊരുക്കാം മനസൊരുക്കാം | ചിത്രകല | | ശിൽപ്പകല /ശിൽപ്പനിർമ്മാണത്തിലെ വിവിധ സങ്കേതങ്ങൾ വിവിധ മാധ്യമങ്ങൾ നിർമ്മാണ രീതികൾ എന്നിവ മനസ്സിലാക്കുന്നു. |
| | | 2 | ജനപ്രിയനൃത്തങ്ങൾ | നൃത്തം | | വിവധങ്ങളായ ആധുനിക നൃത്തരൂപങ്ങളെ പരിചയപ്പെടുന്നു. |
| | | 3 | ചമയപ്പെട്ടി | നാടകം | | ചമയം സാങ്കേതിക രീതികളെപറ്റിയും പാശ്ചാത്യ പൗരസ്ത്യ നാടകങ്ങളെക്കുറിച്ചും മനസിലാക്കുന്നു. |
| | | 4 | നാട്ടീണം | സംഗീതം | | നാടൻ പാട്ടുകളെപ്പറ്റിയും അനുഷ്ഠാന പാട്ടുകളെപ്പറ്റിയും അതിനുപയോഗിക്കുന്ന ഉപകരണങ്ങളെപ്പറ്റിയും മനസ്സിലാക്കുന്നു. |
| | | 5 | ശേഷം ഭാവം സ്ക്രീനിൽ | സിനിമ | | 1.സിനിമ അഭിനയത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് അഭിനയം ആവിഷ്കരിക്കാൻ സാധിക്കുന്നു.<br>2.സിനിമയുുടെ സാങ്കേതികവിദ്യക്കനുസരിച്ച് അഭിനയരീതി ആവിഷ്കരിക്കാൻ സാധിക്കുന്നു.<br>3.സിനിമ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുന്നു. |

കലാപഠനം ക്ലാസ്സ് 8 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GHSS പനമരം - ടേം രണ്ട്

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| ഒക്ടോബർ/നവംബർ | 3.നിറതാളങ്ങൾ | 1 | താളമേളം | സംഗീതം | | കർണ്ണാടക സംഗീതത്തിൽ ഉപയോഗിക്കുന്ന താളങ്ങളെപ്പറ്റിയും അതിന്റെ പ്രാധാന്യത്തെപ്പറ്റിയും മനസിലാക്കുന്നു. |
| | | 2 | നിഴലും വെളിച്ചവും | ചിത്രകല | | 1.കാഴ്ചയിൽ വെളിച്ചത്തിനുള്ള പ്രാധാന്യം മനസ്സിലാക്കുന്നു.<br>2.വെളിച്ചത്തിന്റെ ഏറ്റക്കുറച്ചിലിനനുസരിച്ച് ദൃശ്യത്തിന് തെളിമയും മങ്ങലും ഉണ്ടെന്ന് മനസ്സിലാക്കുന്നു. |
| | | 3 | കളിയിലെ കാര്യം | നാടകം | | ശരീരചലനങ്ങൾകൊണ്ട്  കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതും ഭാവാത്മകമായി കാഥാപാത്രങ്ങളെ അവചതരിപ്പിക്കുന്നതും പരിശീലിക്കുന്നു. |
| | | 4 | ചരിത്രം ഒപ്പിയെടുക്കുമ്പോൾ | സിനിമ | | 1.ഫോട്ടോഗ്രാഫിയുടെ സാങ്കേതികത മനസ്സിലാക്കാൻ കഴിയുന്നു.<br>2.വിവിധതരം ലെൻസുകളുടെ ആവശ്യകത തിരിച്ചറിയാൻ കഴിയുന്നു.<br>3.ക്യാമറയിലെ വിവിധ രീതിയിലുള്ള പ്രകാശക്രമീകരണം മനസ്സിലാക്കാൻ കഴിയുന്നു. |
| | | 5 | സംഘനൃത്തം | നൃത്തം | | കേരളത്തിലെ പരമ്പരാഗത നൃത്തരൂപങ്ങളെ പരിചയപ്പെടുന്നു. |

## കലാപഠനം ക്ലാസ്സ് 8 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GHSS പനമരം - ടേം രണ്ട്

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| ഡിസംബർ | 4.സങ്കേതങ്ങൾ | 1 | ലോഗോയുടെ ലോകം | ചിത്രകല | | വിവിധതരം ലോഗോകളെക്കുറിച്ചും അവയുടെ ആവശ്യകതയെക്കറിച്ചും നിർ മ്മാണരീതികളെക്കുറിച്ചും മനസ്സിലാക്കുന്നു. |
| | | 2 | നീയെങ്ങനെ മരമാകും | നാടകം | | പാരിസ്ഥിതിക നാടകങ്ങളുടെ നിർമ്മാണവും അവതരണവും പ്രാധാന്യവും മനസ്സിലാക്കുന്നു. |
| | | 3 | ഭരതനാട്യം | നൃത്തം | | ശാസ്ത്രീയനൃത്തത്തിലെ മുദ്രകളെപറ്റിയും ഭരതനാട്യം എന്ന നൃത്തരുപത്തെപറ്റിയും മനസ്സിലാക്കുന്നു. |
| | | 4 | Do Ri Mi Fa So La Si | സംഗീതം | | പാശ്ചാത്യസംഗീതത്തിലെ സ്വരങ്ങളും അവയുടെ പേരുകളും ചിഹ്നങ്ങളും സ്വരസ്ഥാനങ്ങളും പാശ്ചാത്യഉപകരണങ്ങളും തിരിച്ചറിയുന്നു. |
| | | 5 | ഒന്നിനോട് മറ്റൊന്ന് | സിനിമ | | 1.ദൃശ്യങ്ങൾ എഡിറ്റ് ചെയ്യുന്നതിന്റെ സാങ്കേതിരവിദ്യ മനസ്സിലാക്കുന്നു. 2.വിവിധതരം ഷോട്ടുകൾ യോജിപ്പിക്കുമ്പോഴുള്ള അർത്ഥതലം മനസ്സിലാക്കുന്നു. 3.പശ്ചാത്തല സംഗീതം ടൈറ്റിലുകൾ എന്നിവ സഹിതം വീഡിയോ എഡിറ്റിംഗ് മനസ്സിലാക്കുന്നു. |

## കലാപഠനം ക്ലാസ്സ് 8 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GHSS പനമരം - ടേം മൂന്ന്

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| ജനുവരി/ ഫെബ്രുവരി | 5.അകവും പുറവും | 1 | സ്വരരാഗം | സംഗീതം | | കർണ്ണാടക സംഗീതത്തിലെ 12 സ്വരസ്ഥാനങ്ങൾ, രാഗങ്ങൾ, എന്നിവ പരിചിതഗാനങ്ങളിലൂടെ മനസിലാക്കുന്നു. |
| | | 2 | പുറത്തെ രൂപവും അകത്തെ ഭാവവും | ചിത്രകല | | 1.മനുഷ്യരൂപത്തിന് ചലനാത്മകത.യും സ്വഭാവികതയും സൃഷ്ടിക്കുന്നതിന് വ്യത്യസ്ത സങ്കേതങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കുന്നു. 2.രൂപത്തേതൊപ്പം ഭാവത്തിനും പ്രാധാന്യമുണ്ടെന്ന് തിരിച്ചറിയുന്ന. |
| | | 3 | ഒന്നിനോടൊന്ന് ചേർന്ന് | നാടകം | | ഒരാശയത്തെ മുൻനിർത്തി സംഘമായി ആവിഷ്കാരം നടത്തുമ്പോൾ സംഘർഷം കൂട്ടിച്ചേർത്ത് കഥ മുന്നേട്ടുകൊണ്ടുപോകുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നു. |
| | | 4 | കൈരളി നൃത്തം | നൃത്തം | | കേരളത്തിലെ തനതു ശാസ്ത്രീയ നൃത്തരൂപമായ മോഹിനിയാട്ടത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നു. |
| | | 5 | സിനിമാകൊട്ടക | സിനിമ | | 1.സിനിമാ ആസ്വാദനം സാധ്യമാക്കുന്നു. 2.ഫിലിം സൊസൈറ്റികൾ പരിചയപ്പെടുന്നു 3.ചലച്ചിത്രമേളകൾ പരിചയപ്പെടുന്നു. |

കലാപഠനം ക്ലാസ്സ് 8 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GHSS പനമരം - ടേം മൂന്ന്

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| മാർച്ച് | 6.ബിംബങ്ങളും പ്രതിബിംബങ്ങളും | 1 | ചിത്രത്തിലെ ചിത്രം | ചിത്രകല | | 1.വിവിധ കോമ്പോസിഷൻ രീതികളെക്കുറിച്ച് മനസ്സിലാക്കുന്നു.<br>2.വിവിധ കോമ്പോസിഷൻ രീതിയിൽ ഭവാത്മകമായി ചിത്രം വരക്കുന്നു. |
| | | 2 | വെളിച്ചത്തിനെന്തൊരു വെളിച്ചം | നാടകം | | നാടകാവതരണത്തിൽ വെളിച്ചത്തിന്റെയും വർണ്ണവെളിച്ചങ്ങളുടെയും ഉപയോഗവും പ്രാധാന്യവും തിരിച്ചറിയുന്നു. |
| | | 3 | ഹിന്ദുസ്ഥാനി സംഗീതം | സംഗീതം | | ഹിന്ദുസ്ഥാനി സംഗീതത്തിലെ സ്വരങ്ങൽ അവയുടെ പേരുകൾ , സംഗീതവിഭഗങ്ങൽ, ഉപകരണങ്ങൾ എന്നിവ തിരിച്ചറിയുന്നു. |
| | | 4 | വടക്കുകിഴക്കൻ വർണനൃത്തങ്ങൾ | നൃത്തം | | ഇന്ത്യയിലെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ നൃത്തരൂപങ്ങളെ പരിചയപ്പെടുന്നു. |
| | | 5 | സ്വനം | സിനിമ | | 1.സിനിമയുടെ ദൃശ്യങ്ങളിലെ ശബ്ദങ്ങളെയും സംഭാഷണങ്ങളെ യും തിരിച്ചറിയുന്നു.<br>2.സിനിമാ നിർമ്മാണത്തിലെ ഡബ്ബിംഗ് സാങ്കേതികത മനസ്സിലാക്കുന്നു.<br>3.വിവിധതരം റെക്കോർഡിംഗ് ഉപകരണങ്ങൾ മനസ്സിലാക്കുന്നു. |

കലാപഠനം ക്ലാസ്സ് 9 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GHSS പനമരം - ടേം ഒന്ന്

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| ജൂൺ/ ജൂലായ് | 1. പ്രകൃതി | 1 | ദേശം,കല,ജീവിതം | ചിത്രകല | 2 | ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ പരമ്പരാഗത ഗോത്ര ചിത്രരചനാ ശൈലികൾ പരിചയപ്പെടുന്നു. |
| | | 2 | സംഗീതരൂപങ്ങലിലൂടെ | സംഗീതം | 2 | കർണ്ണാടക സംഗീത രൂപങ്ങളെ പരിചയപ്പെടുന്നു. |
| | | 3 | വേരുകൾകൊണ്ടു തൊടാം | നാടകം | 1 | രംഗാവതരണം/സ്ക്രിപ്റ്റ് തയ്യാറാക്കുന്നു. |
| | | 4 | കഥ,തിരക്കഥ,സംഭാഷണം | സിനിമ | 1 | തിരക്കഥ തയ്യാറാക്കുന്നു. |
| | | 5 | ആട്ടക്കളരി | നൃത്തം | 1 | ചാക്യാർക്കൂത്ത്,നങ്ങ്യാർകൂത്ത് , കൂടിയാട്ടം എന്നിവയിലൂടെ അഭിനയരീതികൾ തിരിച്ചറിയുന്നു. |
| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
| ആഗസ്റ്റ് | 2.വര,നിറം,ദേശം | 1 | പാട്ടറിവ് | സംഗീതം | 1 | കേരളത്തിലെ നാടൻപാട്ടുകളും അനുഷ്ഠാന ഗാനങ്ങളും പരിചയപ്പെടുന്നു |
| | | 2 | പകർപ്പെടുപ്പിന്റെ കല | ചിത്രകല | 1 | വിവിധതരം പ്രിന്റിംഗ് രീതികൾ പരിചയപ്പെടുന്നു. |
| | | 3 | സിനിമയൊരുക്കാം | സിനിമ | 1 | സിനിമാ ഷൂട്ടിംഗ് മുന്നൊരുക്കങ്ങൾ മനസിലാക്കുന്നു. |
| | | 4 | പാഠത്തിലൂടെ നടക്കാം | നാടകം | 1 | ഒരു കഥ നാടകമായി അവതരിപ്പിക്കുന്നത് എങ്ങനെ എന്ന് തിരിച്ചറിയുന്നു. |
| | | 5 | താഴ്വരകളുടെ നൃത്തം | നൃത്തം | 1 | മണിപ്പൂരി നൃത്തം കൂടുതലായി മനസിലാക്കുന്നു. |

## കലാപഠനം ക്ലാസ്സ് 9 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GHSS പനമരം - ടേം രണ്ട്

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| സെപ്തംബർ/ ഒക്ടോബർ | 3.ഭാവാനുഭവം | 1 | നിറങ്ങളും ഭാവങ്ങളും | ചിത്രകല | 2 | നിറങ്ങളും അവയുടെ ഭാവങ്ങളും ആശയാവതരണ രീതികളും തിരിച്ചറിയുന്നു. |
| | | 2 | ഭാവഗാനങ്ങളിലൂടെ | സംഗീതം | 1 | ഗാനങ്ങളിലെ ഭാവം തിരിച്ചറിയുന്നു. |
| | | 3 | ഇന്നിന്റെ നൃത്തം | നൃത്തം | 1 | ശരീരചലനങ്ങൾകൊണ്ട് ആശയങ്ങൾ അവതരിപ്പിക്കുന്ന ആധുനിക നൃത്തരീതികൾ തിരിച്ചറിയുന്നു. |
| | | 4 | ലെൻസിന്റെ കല | സിനിമ | 1 | ഡോക്യുമെന്ററി സിനിമ നിർമ്മാണം ,ഷൂട്ടിംഗിലെ വിവിധ ഷോട്ടുകൾ എന്നിവ മനസിലാക്കുന്നു. |
| | | 5 | ബിഹൈൻഡ് ദി മാസ്ക് | നാടകം | 2 | മാസ്ക് നിർമ്മാണം, മാസ്ക് ഉപയോഗിച്ച് ആശയാവതരണം എന്നിവ മനസിലാക്കുന്നു. |
| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
| നവംബർ/ ഡിസംബർ | 4.പ്രയോഗപാഠങ്ങൾ | 1 | ഓർക്കസ്ട്ര | സംഗീതം | 2 | ഓർക്കസ്ട്ര എന്താണെന്ന് കൂടുതലായി അറിയുന്നു. |
| | | 2 | രൂപകൽപ്പന | ചിത്രകല | 1 | വിവിധ ഡിസൈനിംഗ് രീതികൾ പരിച.പ്പെടുന്നു |
| | | 3 | നൃത്തസംവിധാനം | നൃത്തം | 1 | നൃത്തസംവിധാനവും സംവിധായകരെയും പരിചയപ്പെടുന്നു. |
| | | 4 | ചിത്രസംയോജനം | സിനിമ | 1 | സിനിമയിലെ എഡിറ്റിംഗ് രീതികൾ മനസിലാക്കുന്നു. |
| | | 5 | രംഗബോധ്യം | നാടകം | 2 | നാടകത്തിലെ ക്രൗൺ,ജോക്കർ,സൂത്രധാരൻ എന്നിവ തിരിച്ചറിയുന്നു. |

## കലാപഠനം ക്ലാസ്സ് 9 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GHSS പനമരം - ടേം മൂന്ന്

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| ജനുവരി | 5.രംഗഭൂമി | 1 | പൊതുയിടങ്ങളിലെ കലാവിസ്മയങ്ങൾ | ചിത്രകല | 1 | ശിൽപ്പകലയേയും ശിൽപ്പികളെയും പരിചയപ്പെടുന്നു. |
| | | 2 | അഭിനയ സംഗീതം | നൃത്തം | 1 | ക്ലാസ്സിക്കൽ നൃത്തരൂപങ്ങൾ നാടോടി നൃത്തരൂപങ്ങൾ എന്നിവയിലെ പാട്ടിന്റെ പ്രത്യേകതകൾ തിരിച്ചറിയുന്നു. |
| | | 3 | നിൽക്കാനൊരു തറ പിന്നിലൊരു മറ | നാടകം | 1 | രംഗം,രംഗപശ്ചാത്തലം എന്നിവ മനസിലാക്കുന്നു. |
| | | 4 | പകർന്നാടാം | നൃത്തം | 1 | കഥകളി, കൂടിയാട്ടം എന്നിവയിലെ പകർന്നാട്ടം ത്ര്ച്ചറിയുന്നു. |
| | | 5 | ദൃശ്യം,കാഴ്ച,അനുഭവം | സിനിമ | 1 | സിനിമ ആസ്വാദനം, ചർച്ച എന്നിവയിലൂടെ സിനിമയെ ആഴത്തിൽ അരിയുന്നു. |
| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
| ഫെബ്രുവരി / മാർച്ച് | 6.സർഗജാലകം | 1 | ശബ്ദവീചികൾ | സംഗീതം | 1 | പാട്ട് മൈക്കിൽ പാടുന്നത്, റെക്കോർഡ് ചെയ്യുന്നത്, കരോക്കെയിലൂടെ പാടുന്നത് എന്നിവ മനസിലാക്കുന്നു. |
| | | 2 | സമൂഹം, കാഴ്ച, ആശയം | ചിത്രകല | 1 | ചിത്രകലയിലെ രചനാശൈലികൾ, ആശയങ്ങൾ എന്നിവ തിരിച്ചറിയുന്നു. |
| | | 3 | വെള്ളിത്തിര | സിനിമ | 1 | സിനിമാനിർമ്മാണത്തിലെ സാങ്കേതിക വശങ്ങൾ കൂടുതൽ മനസിലാക്കുന്നു. |
| | | 4 | അരങ്ങൊളി | നൃത്തം | 1 | വ്യത്യസ്ത രംഗവേദികൾ മനസിലാക്കുന്നു. |
| | | 5 | ഈ സമയവും കടന്നുപോകും | നാടകം | 1 | നാടകത്തിന്റെ വിവധ ഘട്ടങ്ങൾ മനസിലാക്കുന്നു. |

ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായും രസകരമായ രീതിയിലൂമ അവതരിപ്പിച്ച് പിന്നോക്ക അവസ്ഥ പരിഹരിക്കുക.<br>*ഗുണമേന്മ വിദ്യാഭ്യാസം | 1.മധുരം-ഗണിതം<br>2.ഗണിതത്തെ ജീവിതഗന്ധിയാക്കുന്ന പ്രവർത്തനങ്ങൾ.<br>3.കളികളിലൂടെ പഠനത്തെ ഉല്ലാസഭരിതമാക്കുന്ന പ്രവർത്തനങ്ങൾ | june-feb | ഗണിത അധ്യാപികർ | 500 |
| അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പാക്കുക | 1.PreTest<br>2.സംഖ്യാ കാർഡുകൾ മഞ്ചാടി/മുത്തുകൾ ഇവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>3.ഗണിത മൂല<br>4.Unit Test | june-feb | | |
| ക്ലബ് പ്രവർത്തനങ്ങൾ | നമ്പർ പാറ്റേൺ പ്രാക്ടിസ് ജിയോമെട്രിക്കൽ പ്രാക്ടീസ്<br>Puzzle competition<br>Quiz competition<br>Origami പരിശീലനം<br>Project<br>Maths Magazine<br>ഗണിത നാടകം<br>ഗണിത മേള സ്കൂൾ തലം | june-feb | ഗണിത അധ്യാപികർ | 5000 |
| ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക | ക്ലാസ്സിൽ ഒരു കട കടയിൽനിന്നും സാധനങ്ങൾ വാങ്ങിക്കൂട്ടാനും കുറക്കാനും ഗുണാക്കാനും ഹരിക്കാനും രിശീലനം നൽകുന്നു. കൃഷിയിടം ഒരുക്കൽ<br>-ഇതിലൂടെ വിവിധ ജ്യാമിതീയ രൂപങ്ങൾ രിചയപ്പെടുകയും അളവ് പരപ്പളവ് ചുറ്റളവ് എന്നിവ മനസിലാക്കുകയും വിവിധ തരം സംഖ്യകളുടെചതുഷ്ക്കീയകൾ തുടങ്ങിയവ മനസ്സിലാക്കുന്നു | june-feb | ഗണിത അധ്യാപികർ | |
| ഗണിത പഠനം ആസ്വാദ്യകരമാക്കുന്ന | Maths workshop<br>ഗണിത ആശയങ്ങൾ | | | |

| | | | | |
|---|---|---|---|---|
| | എളുപ്പമാക്കുന്നതിന് ഗണിത ലാബ് ഒരുക്കുന്നു. | | | |
| ഐ സി ടി സാധ്യതകൾ ഉപയോഗിച്ച് ഗണിത പഠനം എളുപ്പമാക്കുന്നു | 1. Geogebra പരിശീലനം<br>2. Geometrical pattern<br>3.ജാമിതീയരൂപങ്ങളുടെ നിർമ്മാണം<br>June-February | | | |
| *ഗണിത പഠനം പ്രകൃതിയിലൂടെ<br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br>*ഗണിത ശാസ്ത്രജ്ഞർ | പ്രകൃതിയിലെ വസ്തുക്കളെ നിരീക്ഷിക്കാനും അവയിലെ ഗണിതരൂപങ്ങളെയും അവയുടെ പ്രത്യേകതകൾ<br><br>മനസ്സിലാക്കാനും, സർവ്വ സമത, സാദൃശ്യം, കനകാനുപാതം, തുടങ്ങിയവ മനസ്സിലാക്കാനു ദേശീയ ഗണിത ദിനാചരണം - സെമിനാർ<br><br>ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടൽ - ശ്രീനിവാസ രാമാനുജനെ കുറിച്ചും, അദ്ദേഹത്തിന്റെ പ്രധാന കണ്ടുപിടിത്തങ്ങളെ കുറിച്ചും കുട്ടികൾ മനസ്സിലാക്കുന്നു... | | | |

## ഉപസംഹാരം

പനമരം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പാഠ്യ പാഠ്യേതരമേഖലയിലും അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന്റെ മേഖലകളിലും വളർച്ചയുടെ പാതയിലാണ്. എല്ലാവരെയും ഉൾക്കൊള്ളുന്നതും, ഗുണനിലവാരം ഉള്ളതുമായ വിദ്യാഭ്യാസം എല്ലാ പഠിതാക്കൾക്കും ലഭ്യമാക്കാൻ 2025-26 വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ കൃത്യതയോടെയുള്ള നിർവ്വഹണം സഹായിക്കുമെന്ന ഉത്തമ വിശ്വാസത്തോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അംഗീകാരത്തിനായി സമർപ്പിക്കുന്നു.....